പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 210 **27-10-2026-ൽ മറുപടിയ്ക്ക്**

കേന്ദ്ര സർക്കാരിന്റെ ഭവ്യ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീമതി കെ. കെ. രമ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീ. രമേഷ് പിഷാരടി

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) കേന്ദ്ര സർക്കാർ നടപ്പാക്കുന്ന ഭവ്യ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ വ്യവസായ പാർക്കുകൾ വികസിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ഉണ്ട്. കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (DPIIT) നടപ്പിലാക്കുന്ന ഭാരത് ഔദ്യോഗിക വികാസ് യോജന (ഭവ്യ) പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി കേരളത്തിൽ വ്യവസായ പാർക്കുകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി, കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ വെള്ളാപ്പറമ്പിലെ 475 ഏക്കർ ഭൂമിയും, പനയത്താംപറമ്പിലെ 497 ഏക്കർ ഭൂമിയും വികസിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് കിൻഫ്രയ്ക്ക് (KINFRA) സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി, കണ്ണൂർ വിമാനത്താവളത്തിനു സമീപം കിൻഫ്ര ഏറ്റെടുത്തിട്ടുള്ള വെള്ളപ്പറമ്പ് - കീഴല്ലൂർ, പട്ടാന്നൂർ വില്ലേജിലെ 475 ഏക്കർ ഭൂമിയുമായി ബന്ധപ്പെട്ട നിർദ്ദേശം DPIIT-യ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ പനയത്താംപറമ്പിലുള്ള 447 ഏക്കർ ഭൂമിയുമായി ബന്ധപ്പെട്ട് പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കി രണ്ടാംഘട്ടത്തിൽ അപേക്ഷ സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. സർക്കാർ ഉത്തരവ് പ്രകാരം 497 ഏക്കർ വിസ്തൃതിയുള്ള ഭൂമിയാണ് പദ്ധതിക്കായി നിർദ്ദേശിച്ചിരുന്നതെങ്കിലും 50 ഏക്കർ ഭൂമി സയൻസ് പാർക്കിനും ഐടി പാർക്കിനുമായി മാറ്റിവെച്ചതിനാൽ, ശേഷിക്കുന്ന 447 ഏക്കർ ഭൂമിയാണ് നിർദിഷ്ട പദ്ധതിക്കായി പരിഗണിക്കുന്നത്.

(ബി) ഭവ്യ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള വ്യവസായ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡിക (എ) യിലെ ഉത്തരം

(സി) പ്രസ്തുത പദ്ധതിയിലൂടെ കേരളത്തിലെ ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് ഭൂമി, അടിസ്ഥാനസൗകര്യങ്ങൾ, നിക്ഷേപസൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് എന്തെല്ലാം

നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ;

മറുപടി: വ്യവസായ സംരംഭങ്ങൾക്ക് ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിനാ-വശ്യമായ അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ സംവിധാനങ്ങളും ഉറപ്പാക്കിക്കൊണ്ട് 'പ്ലഗ് ആൻഡ് പ്ലേ' (Plug-and-play) മാതൃകയിലുള്ള നിക്ഷേപസജ്ജമായ വ്യവസായ പാർക്കുകൾ വികസിപ്പിക്കുന്നതിനുള്ള നടപടികളാണ് പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചുവരുന്നത്. ഇത്തരം പാർക്കുകൾ ചെറുകിട വ്യവസായ സംരംഭകർക്ക് ഉന്നത നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കും.

(ഡി) കിൻഫ്ര ഉൾപ്പെടെയുള്ള സംസ്ഥാന വ്യവസായ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പുതിയ വ്യവസായ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; ഭവ്യ പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

മറുപടി: കിൻഫ്രയെ (KINFRA) നോഡൽ ഏജൻസിയാക്കി, ഭവ്യ പദ്ധതിയുടെ ഭാഗമായി പുതിയ വ്യവസായ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതികളുടെ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല സമിതി (SLC) രൂപീകരിച്ചിട്ടുണ്ട്.

പ്രൊജക്ട് റിപ്പോർട്ട് പ്രകാരം കണ്ണൂർ സ്മാർട്ട് ഇൻഡസ്ട്രിയൽ സിറ്റിയിൽ 3950 കോടി രൂപയുടെ നിക്ഷേപവും ഏകദേശം അമ്പതിനായിരം പേർക്ക് നേരിട്ടും അല്ലാതെയും ഉള്ള തൊഴിൽ സാധ്യതകളും ഉണ്ട്. കണ്ണൂർ എയ്റോ ഇൻഡസ്ട്രിയൽ സിറ്റിയിൽ 3750 കോടി രൂപയുടെ നിക്ഷേപവും ഏകദേശം അമ്പതിനായിരം പേർക്ക് നേരിട്ടും അല്ലാതെയും ഉള്ള തൊഴിൽ സാധ്യതകളും ഉണ്ട്.

നിക്ഷേപസജ്ജമായ വ്യവസായ പാർക്കുകൾ വികസിപ്പിച്ച് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുക, പുതിയ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുക, യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

സെക്ഷൻ ഓഫീസർ